(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 38,88,03,519 രൂപയും ദേശീയ പാതാ വിഭാഗത്തിൽ 15,06,97,502 രൂപയും കെട്ടിടം വിഭാഗത്തിൽ 3,501.96 ലക്ഷം രൂപയും ശമ്പളം, ടി.എ., ഡി.എ., എന്നീ ഇനങ്ങളിൽ ചെലവായിട്ടുണ്ട്.

പയ്യന്നൂർ കോടതി കെട്ടിടത്തിന്റെ നിർമ്മാണം

74 (2013) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കൈക്കൊണ്ട തുടർനടപടികൾ എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 87.50 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തിൽ പണി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിട നിർമ്മാണം

75 (2014) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-വടശ്ശേരിക്കരയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടത്തിൽ ഏതൊക്കെ കെട്ടിടങ്ങളാണ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമോ ;

(സി) കരാറനുസരിച്ച് എന്നാണ് ഇത് പൂർത്തീകരിക്കേണ്ടത് ;

(ഡി) രണ്ടാംഘട്ടത്തിൽ ഏതൊക്കെ കെട്ടിടങ്ങളാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) ഇവയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഈ വർക്ക് ടെൻഡർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ടെൻഡർ ചെയ്യാൻ കഴിയാത്തത് എന്നു വ്യക്തമാക്കാമോ ;

(എഫ്) ഈ വർഷത്തെ ബജറ്റിൽ എത്ര തുകയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതു സംബന്ധിച്ച ഫയലിലെ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഈ പ്രവൃത്തി ടെൻഡർ ചെയ്യുവാൻ എന്തൊക്കെ നടപടികളാണ് അടിയന്തിരമായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹൈസ്ക്കൂൾ ബ്ലോക്കിന്റെ നിർമ്മാണം.

(ബി) 95 ശതമാനത്തോളം കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 27-5-2003-ൽ

(ഡി) ഡോർമെട്രി ബ്ലോക്ക്, അടുക്കള, ഡൈനിംഗ് ഹാൾ.

(ഇ) സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ പൂർത്തിയായശേഷം പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയ ശേഷം പണി ടെൻഡർ ചെയ്യുന്നതാണ്.

(എഫ്) 41,18,000 രൂപ.

(ജി) സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയായി വരുന്നു.

(എച്ച്) സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാക്കിയ ശേഷം പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവർത്തി ടെൻഡർ ചെയ്യുന്നതാണ്.

പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ

76 (2015) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ മെയിൻ ബ്ലോക്കിന്റെ ഒന്നാംനില പൂർണ്ണമായും ഉപയോഗയോഗ്യമല്ലാത്ത വിധം ജീർണ്ണാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെട്ടിട നിർമ്മാണം ആരംഭിച്ചതും പൂർത്തിയായതും എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിച്ച കരാറുകാരൻ ആരാണ് എന്നും ആകെ ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഗുരുതരമായ പിഴവുവരുത്തിയ കരാറുകാരനും അന്നത്തെ ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly